"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിൽ പിണറായി പെരുമ കൾച്ചറൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റിയുടെ കലാപരിപാടികൾക്ക് പിണറായി കൺവെൻഷൻ സെന്റർ പ്രതിമാസം 2 ദിവസത്തേക്ക് സൗജന്യമായി നൽകുന്നതിന് പിണറായി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ.(സാധാ) നം.1810/2022/LSGD തീയതി,തിരുവനന്തപുരം, 27-07-2022

---

പരാമർശം:-

1. പിണറായി പെരുമ കൾച്ചറൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറി പിണറായി ഗ്രാമപഞ്ചായത്ത് അധികൃതർക്ക് 07.06.2022 തീയതിയിൽ സമർപ്പിച്ച നിവേദനം.
2. പിണറായി ഗ്രാമപഞ്ചായത്ത് കൗൺസിലിന്റെ 10.06.2022 തീയതിയിലെ 4/212/2022(7) നമ്പർ തീരുമാനം.
3. പിണറായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.06.2022 തീയതിയിലെ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിൽ പിണറായി പെരുമ കൾച്ചറൽ ആന്റ് ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന കലാപരിപാടികൾക്ക് പ്രതിമാസം രണ്ട് ദിവസം സൗജന്യമായി പിണറായി കൺവെൻഷൻ സെന്റർ അനുവദിക്കുന്നതിന് പിണറായി പെരുമ കൾച്ചറൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറി പിണറായി ഗ്രാമപഞ്ചായത്ത് അധികൃതർക്ക് പരാമർശം(1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

പ്രസ്തുത കലാപരിപാടികളുടെ ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾ ആയതിനാലും നിലവിലുള്ള ബൈലോ പ്രകാരം പിണറായി കൺവെൻഷൻ സെന്റർ സർക്കാരിതര പരിപാടികൾക്ക് സൗജന്യമായി നൽകാൻ സാധിക്കാത്തതിനാലും എല്ലാ മാസവും രണ്ടു ദിവസം പിണറായി പെരുമ കൾച്ചറൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റിക്ക് പിണറായി കൺവെൻഷൻ സെന്റർ സൗജന്യമായി അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് അപേക്ഷിക്കുന്നതിന് പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു.

മേൽ തീരുമാനം അനുസരിച്ച് പിണറായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം(3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിണറായി പെരുമ കൾച്ചറൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റിയുടെ കലാപരിപാടികൾക്ക് പിണറായി കൺവെൻഷൻ സെന്റർ പ്രതിമാസം 2 ദിവസം കലാപരിപാടികൾ നടത്തുന്നതിന് ആവശ്യമായ ചെലവുകൾ

PTO

സ്വയം വഹിക്കണമെന്ന വ്യവസ്ഥയിൽ വാടക ഒഴിവാക്കിക്കൊണ്ട് പിണറായി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള പിണറായി കൺവെൻഷൻ സെന്റർ അനുവദിക്കുന്നതിന് പിണറായി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പിണറായി ഗ്രാമപഞ്ചായത്ത്, കണ്ണൂർ

സെക്രട്ടറി, പിണറായി പെരുമ കൾച്ചറൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റി, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1/ആഡിറ്റ്-II ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ത.സ്വ.ഭ.വ-ആർസി2/179/2022-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 27-07-2022 15:10:18**

സെക്ഷൻ ഓഫീസർ